DESPATCHED
On 05/03/2020
14. . 20.

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **CP. 1387*(6)/2014*/***എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം. *17410/എസ്.ഐ.സി–ജി 6/14*

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ.എസ്.പ്രേംലാൽ**
**സി.2, മറിയം ഗ്രോവ് അപ്പാർട്ട്മെന്റ്സ്**
**കോൺവെന്റ് റോഡ്**
**കോഴിക്കോട്– 673032** — **പരാതി ഹർജിക്കാരൻ**

**Vs**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ**
**നടക്കാവ് പോലീസ് സ്റ്റേഷൻ**
**നടക്കാവ് ,കോഴിക്കോട്** — **എതിർകക്ഷി**

## ഉത്തരവ്

പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമം വകുപ്പ് 6(1) പ്രകാരം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ വ്യക്തമായ മറുപടി കിട്ടിയിട്ടില്ല എന്നും ആയതിനാൽ ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുമാണ്.



res

2. 08.03.2019 നും 27.04.2019 നും ഹിയറിംഗിന് ഹാജരാകാത്തതിന് എസ്.പി.ഐ.ഒയ്ക്ക് സമൻസ് നല്കുകയും 10.10.2019ന് കമ്മീഷൻ ഓഫീസ് തിരുവനന്തപുരത്ത് വച്ചു നടത്തിയ ഹിയറിംഗിൽ ഹാജരാകുവാൻ നോട്ടീസ് നൽകുകയും, ടിയാൻ ഹാജരാകുകയും മുൻ ഹിയറിംഗിന് ഹാജരാകാത്തതിന് വിശദീകരണം നൽകുകയും, ആയത് അംഗീകരിക്കുകയും ഇത്തരം പ്രവർത്തികൾ ആവർത്തിക്കരുതെന്ന് കമ്മീഷൻ താക്കീതു നൽകുകയും, വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. 29.10.2019 സമർപ്പിച്ച റിപ്പോർട്ടിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾക്ക് മറുപടി നൽകിയിട്ടുണ്ടെന്നും, ആയത് കമ്മീഷൻ മുമ്പാകെ സമർപ്പിക്കുന്നുവെന്നും പരാതി തീർപ്പാക്കിയെന്നുമാണ് ബോധിപ്പിച്ചത്.

3. പരാതി ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾക്ക് മറുപടി നൽകിയെന്നതിനാൽ ടി പരാതി ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഇന്നേദിവസം 2020 ജനുവരി 14-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM



res